ഉത്തരം

(എ) മെഡിക്കൽ പി.ജി., ഡിപ്ലോമ കോഴ്സുകൾക്ക് സംസ്ഥാനത്ത് ലഭ്യമായ സീറ്റുകളുടെ 10 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ സംവരണമായി നൽകണമെന്ന് ഒരു ഇടക്കാല ഉത്തരവിലൂടെ ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

(ബി) അപ്പീൽ നൽകുകയുണ്ടായി. കോടതി വിധി പ്രോസ്പെക്ടസിലെ ചില വ്യവസ്ഥകൾക്കെതിരായതിനാലാണ് അപ്പീൽ നൽകിയത്.

(സി) അപ്പീൽ ഇടക്കാല ഉത്തരവിനെതിരേയായതിനാൽ ഹൈക്കോടതി അപ്പീൽ സ്വീകരിക്കുകയുണ്ടായില്ല.

ഡോക്ടർമാർക്ക് സർവ്വീസ് ക്വാട്ടയിൽ പി.ജി. കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന്റെ പൊതുമാനദണ്ഡം

45 (4916) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർക്ക് സർവ്വീസ് ക്വാട്ടയിൽ പി.ജി. കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന്റെ പൊതുമാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) 2008-2009 വർഷത്തിൽ പൊതുമാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ സഹായത്തിൽ സർവ്വീസ് പി.ജി. അഡ്മിഷൻ ലഭിച്ച ഡോക്ടർമാർ എത്ര ; ഏതൊക്കെ കോഴ്സിന് ; ഇവർക്ക് ഇനി എത്ര നാൾ സർവ്വീസ് ബാക്കിയുണ്ട് ; ബോണ്ട് കാലാവധി സേവനം എങ്ങനെ നടപ്പിലാക്കും ; വിശദമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ പി.ജി. സ്റ്റേറ്റ് ക്വാട്ടയുടെ പരമാവധി 40% സീറ്റുകൾ സർവ്വീസ് ക്വാട്ടയിലേയ്ക്കായി മാറ്റിവച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ചുരുങ്ങിയത് 2 വർഷവും ആരോഗ്യവകുപ്പിൽ ചുരുങ്ങിയത് 5 വർഷവും സർവ്വീസുള്ളവരേയും കോഴ്സിന് ശേഷം 5 വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ളവരേയും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രവേശനത്തിനായി പരിഗണിക്കുന്നു.

(ബി) 2009-ന് മുമ്പ് സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്ന ഡോക്ടർമാർ പ്രവേശന പരീക്ഷയിൽ യോഗ്യത നേടണമായിരുന്നു. എന്നാൽ കേരള മെഡിക്കൽ ഓഫീസേഴ്സ് അഡ്മിഷൻ ടു പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സസ് അണ്ടർ സർവ്വീസ് ക്വാട്ട ആക്ട് നിലവിൽ വന്നതിന് ശേഷം ഇവരെ പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) 2008-2009 വർഷത്തിൽ പൊതുമാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly